**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1363** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചരിത്രപ്രസിദ്ധമായ ജലമേളകളെയും വള്ളംകളികളെയും അടുത്ത വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഔദ്യോഗിക മത്സരപ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി അനുവദിച്ച തുകയും കൈവരിച്ച പുരോഗതിയും എത്രയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം വികസനവും കുട്ടനാട്, ആലപ്പുഴ, കോട്ടയം എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള സംയോജിത വികസനവും നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം സാധ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സന്ദർശകരുടെ എണ്ണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ ആലോചിക്കുന്നതാണ്.

**(സി)** ചങ്ങനാശ്ശേരി, കുട്ടനാട്, ആലപ്പുഴ, കോട്ടയം എന്നീ പ്രദേശങ്ങളെ തമ്മിൽ കോർത്തിണക്കിക്കൊണ്ട് സംയോജിത ടൂറിസം വികസനം സാധ്യമാക്കുന്ന ഏതെങ്കിലും പുതിയ സർക്യൂട്ടുകളോ പദ്ധതികളോ ആലോചനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം വികസനവും കുട്ടനാട്, ആലപ്പുഴ, കോട്ടയം എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള സംയോജിത വികസനവും നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം സാധ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സന്ദർശകരുടെ എണ്ണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ ആലോചിക്കുന്നതാണ്.

**(ഡി)** അപ്പർ കുട്ടനാടിന്റെയും സമീപത്തെ കായൽപരപ്പുകളുടെയും ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസം കേന്ദ്രങ്ങളോ പദ്ധതികളോ വികസിപ്പിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ടൂറിസം സാധ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സന്ദർശകരുടെ എണ്ണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**